"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ -പത്തനംതിട്ട, കോട്ടയം, എറണാകുളം, കാസർഗോഡ് ജില്ലകളിൽ ഡെപ്യൂട്ടേഷൻ കാലാവധി തീരുന്ന ജില്ലാ കോ - ഓർഡിനേറ്റർമാരുടെ അധിക ചുമതല ഗ്രാമവികസന വകുപ്പിലെ അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (ഡബ്ലിയു.ഡി)-ക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്**

സ.ഉ.(സാധാ) നം.932/2022/LSGD തീയതി,തിരുവനന്തപുരം, 12-04-2022

---

പരാമർശം:- 1. സ.ഉ (സാധാ)നം. 2238/2021/ത.സ്വ.ഭ.വ, തീയതി 09/11/2021.

2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 22/11/2021 തീയതിയിലെ എൽ.എം.4/ 10/2017/ലൈഫ്/ഡിസ്ട്രിക്ട് നമ്പർ കത്ത്.

**ഉത്തരവ്**

ലൈഫ് മിഷനിലെ ജില്ലാ കോ-ഓർഡിനേറ്റർമാരുടെ ഡെപ്യൂട്ടേഷൻ കാലാവധി തീരുന്ന മുറയ്ക്ക് ഇവരെ മാതൃവകുപ്പിലേയ്ക്ക് തിരികെ വിടേണ്ടതിനാൽ ഡെപ്യൂട്ടേഷൻ കാലാവധി പൂർത്തിയാക്കി ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്റർമാർ മാതൃവകുപ്പിലേയ്ക്ക് മടങ്ങിപ്പോകുന്ന ജില്ലകളിൽ ലൈഫ് ജില്ലാതല കർമ്മസമിതി അംഗമായ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയാക്ടർമാർക്ക് ജില്ലാ കോ-ഓർഡിനേറ്റർമാരുടെ ചുമതല താല്ക്കാലികമായി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പത്തനംതിട്ട, കോട്ടയം, എറണാകുളം, കാസർഗോഡ് ജില്ലകളിൽ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർമാർ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് ചുമതല കൂടി വഹിക്കുന്നതിനാൽ ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്ററുടെ അധിക ചുമതല പ്രയാസമുണ്ടാക്കുന്നതായും ആകയാൽ താരതമ്യേന ജോലിഭാരം കുറഞ്ഞ അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (ഡബ്ലിയു.ഡി) /ജില്ലാ വനിതാ വികസന ഓഫീസർ എന്നിവരിൽ ആർക്കെങ്കിലും ടി ജില്ലകളിൽ ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്ററുടെ അധിക ചുമതല നൽകണമെന്ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡെപ്യൂട്ടേഷൻ കാലാവധി പൂർത്തിയാക്കി ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്റർമാർ മാതൃവകുപ്പിലേയ്ക്ക് മടങ്ങിപ്പോകുന്ന പത്തനംതിട്ട, കോട്ടയം, എറണാകുളം, കാസർഗോഡ് ജില്ലകളിൽ ജില്ലാ കോ - ഓർഡിനേറ്റർമാരുടെ അധിക ചുമതല ഗ്രാമവികസന വകുപ്പിലെ അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (ഡബ്ലിയു.ഡി)-ക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ,, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ &ഇ)/ഓഡിറ്റ്), തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഇൻമർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ (വിംഗ്), ഐ&പി.ആർ.ഡി, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Reenamma P A**
**Date: 13-04-2022 12:01:50**
സെക്ഷൻ ഓഫീസർ